കണ്ണൂർ-പഴയങ്ങാടി-പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് പുനഃസ്ഥാപിക്കാൻ നടപടി

102 (1157) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കണ്ണൂർ-പഴയങ്ങാടി വഴി പയ്യന്നൂർ ഭാഗത്തേക്കുള്ള എത്ര കെ.എസ്.ആർ.ടി.സി. ഷെഡ്യൂളുകൾ ക്യാൻസൽ ചെയ്തിട്ടുണ്ട് ;

(ബി) ഈ ഷെഡ്യൂളുകൾ ക്യാൻസൽ ചെയ്യുവാനുള്ള കാരണമെന്താണ് ;

(സി) ക്യാൻസൽ ചെയ്തതിൽ എത്ര ഷെഡ്യൂളുകൾ പുനഃസ്ഥാപിച്ചു വെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ജനങ്ങളുടെ യാത്രാക്ലേശം പരിഗണിച്ച് ക്യാൻസൽ ചെയ്ത എല്ലാ ഷെഡ്യൂളുകളും പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഒന്നും തന്നെ ക്യാൻസൽ ചെയ്തിട്ടില്ല. ബസ്സിന്റേയും ജീവനക്കാരുടേയും അപര്യാപ്തതമൂലം ചില ദിവസങ്ങളിൽ മുഴുവൻ ഷെഡ്യൂളുകളും ഓപ്പറേറ്റ് ചെയ്യുവാൻ കഴിയാറില്ല.

(ബി) വരുമാനക്കുറവും ജീവനകാരുടേയും ബസുകളുടെയും അപര്യാപ്തതയും മൂലം ചില ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യാൻ കഴിയാതെ വന്നിട്ടുണ്ട്.

(സി) ഒന്നും തന്നെ ക്യാൻസൽ ചെയ്തിട്ടില്ല.

(ഡി) ജീവനക്കാരുടേയും ബസിന്റെയും ലഭ്യത അനുസരിച്ച് എല്ലാ ഷെഡ്യൂളുകളും ഓപ്പറേറ്റ് ചെയ്യുന്നതാണ്.

പറവൂർ-ആലുവ ദേശസാൽകൃത റൂട്ടിലെ യാത്രാക്ലേശം

103 (1158) ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറവൂർ-ആലുവ ദേശസാൽകൃത റൂട്ടിലെ യാത്രാക്ലേശം അതീവ ഗുരുതരമായിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ട് എന്തു നടപടികൾ സ്വീകരിച്ചു വെന്ന് വ്യക്തമാക്കാമോ ;

(ബി) പറവൂർ-ആലുവ റൂട്ടിലെ ടൗൺ ലിമിറ്റഡ്സ്റ്റോപ്പ് ബസ്സുകൾ വളരെ ലാഭകരമായി നടക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിനായി പുതിയ ബസുകൾ അനുവദിക്കുമോ ;

(സി) പറവൂർ ചാത്തനാട് ദേശവൽകൃത റൂട്ടിലെ യാത്രാക്ലേശം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly